പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2788

10.07.2015 -ൽ മറുപടിയ്ക്ക്

## പൗരസേവനങ്ങൾ വിരൽത്തുമ്പിൽ

**ചോദ്യം**

ശ്രീ. സണ്ണി ജോസഫ്
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. ജോസഫ് വാഴയ്ക്കൻ
ശ്രീ. ആർ. സെൽവരാജ്

**ഉത്തരം**

ഡോ. എം. കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)

എ) പഞ്ചായത്തുകളിൽ പൗര സേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് വിവിധ വെബ്സൈറ്റുകൾ വഴി സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഈ സേവനങ്ങൾ **www.surekha.ikm.in** എന്ന വെബ് സൈറ്റിൽ നിന്നും തികച്ചും സൗജന്യമായി ലഭ്യമാണ്. ജനനസർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഈ വെബ്സൈറ്റിൽ നിന്നും നിമിഷങ്ങൾക്കുള്ളിൽ ഓൺലൈനായി ഡൗൺലോഡ് ചെയ്ത് വിവിധതരം ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. കൂടാതെ വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകൾ, വസ്തു നികുതി, ഇ-പെയ്മെന്റ്, ഫയൽ തൽസ്ഥിതി വിവരങ്ങൾ, ബിൽഡിംഗ് പെർമിറ്റ് തുടങ്ങിയ സേവനങ്ങൾ വിവിധ ആപ്ലിക്കേഷനുകളിലൂടെ ലഭ്യമാക്കുന്നു. ഇതോടൊപ്പം തന്നെ സൗജന്യ സേവനങ്ങൾ ആൻഡ്രോയ്ഡ് പ്ലാറ്റ്ഫോമിലുള്ള

മൊബൈൽ ഫോണുകളിൽ ലഭ്യമാക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ സോഫ്റ്റ് വെയറുകൾ തയ്യാറാക്കിയിട്ടുണ്ട്. സമഗ്ര എന്ന പേരിലുള്ള ഈ ആപ്ലിക്കേഷൻ ആൻഡ്രോയ്ഡ് പ്ലേ സ്റ്റോറിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. ടച്ച് സ്ക്രീൻ ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിച്ച് സ്പർശ് എന്ന ആപ്ലിക്കേഷൻ മുഖേന ജനങ്ങൾക്ക് സേവനങ്ങൾ എത്തിക്കാനുള്ള പദ്ധതി പരിഗണനയിലാണ്.

ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം സാങ്കേതിക വിദ്യകളാണ് പ്രയോജനപ്പെടുത്തുന്നത്;

ബി) വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ ആണ് പ്രധാനമായും ഉപയോഗിക്കുന്നത്. കൂടാതെ മൊബൈൽഫോൺ, ടച്ച് സ്ക്രീൻ സാങ്കേതിക വിദ്യകളും പ്രയോജനപ്പെടുത്തുന്നു.

സി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത പദ്ധതി വഴി ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ;

സി) www.cr.lsgkerala.gov.in എന്ന വെബ് സൈറ്റിലൂടെ 'സേവന' (സിവിൽ രജിസ്ട്രേഷൻ) ആപ്ലിക്കേഷൻ വഴി ഇലക്ട്രോണിക്കായി രജിസ്റ്റർ ചെയ്യുന്ന ജനന മരണ വിവാഹ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്ത് എടുക്കുവാൻ സാധിക്കുന്നു. www.welfarepension.lsgkerala.gov.in എന്ന വെബ്സൈറ്റിലൂടെ സേവന (പെൻഷൻ) എന്ന ആപ്ലിക്കേഷൻ വഴി പെൻഷൻ സംബന്ധിച്ച എല്ലാ വിവരങ്ങളും, ഗുണഭോക്താക്കളുടെ വിവരങ്ങളും ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാകുന്നു. www.tax.lsgkerala.gov.in എന്ന വെബ് സൈറ്റിലൂടെ സഞ്ചയ എന്ന ആപ്ലിക്കേഷൻ വഴി ഓൺലൈനായി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും, വസ്തു നികുതി അടക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനവും അറിയാൻ സാധിക്കുന്നു. www.buildingpermit.lsgkerala.gov.in എന്ന വെബ്സൈറ്റിലൂടെ

ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ചു വരുന്നു.

പഞ്ചായത്ത് ദിനാഘോഷങ്ങൾ, വകുപ്പിന്റെ വിവിധ എക്സിബിഷനുകൾ, പരിപാടികൾ എന്നിവയിലൂടെ മേൽ ആപ്ലിക്കേഷനുകൾക്ക് പ്രചരണം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ